**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4634** — **11.05.2017 - ൽ മറുപടിക്ക്**

# വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം<br>**ശ്രീ.എൻ. ഷംസുദ്ദീൻ** | | മറുപടി<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ; | (എ) | വിലക്കയറ്റം തടയുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്.<br>പുതിയ അദ്ധ്യയന വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് 250 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലത്തിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ്സ് മാർക്കറ്റ് എങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടെയോ സ്കൂളുകളുടെയോ നേതൃത്വത്തിൽ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞത് 15-20% കുറഞ്ഞ വിലയ്ക്ക് സ്റ്റുഡന്റ്സ് മാർക്കറ്റിൽ സാധനങ്ങൾ ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡ് ആരംഭിച്ച നാല് ഇ-ത്രിവേണികൾക്ക് പുറമെ 24 എണ്ണം കൂടി പുതിയതായി ആരംഭിക്കുന്നതിന് തീരുമാനച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ത്രിവേണികളിൽ ഓൺലൈൻ ട്രേഡിംഗിന് ആവശ്യമായ നടപടികൾ ആരംഭിച്ചുവരുന്നു. ഷോപ്പുകളിൽ വന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ |

| | | | |
|---|---|---|---|
| | | | കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും, അവ വീട്ടിൽ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിന്റെ മുൻകൈയോടെ 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും, പൊതുവിപണിയിലെ വിൽപ്പന വില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്തുവരുന്നു. |
| (ബി) | നിത്യോപയോഗസാധനങ്ങൾ വിപണിയേക്കാൾ എത്ര ശതമാനം വിലകുറച്ചാണ് ത്രിവേണി, നന്മ സ്റ്റോറുകളിൽ വിൽക്കുന്നത് ; | (ബി) | നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ ശരാശരി 5 മുതൽ 10 ശതമാനം വരെ വിലകുറച്ചാണ് ത്രിവേണികളിൽ വിൽക്കുന്നത് |
| (സി) | 2016-17 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി എത്ര കോടി രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (സി) | 2016-17 വർഷം പ്രസ്തുത സ്ഥാപനങ്ങൾ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി 13.55 കോടി രൂപ ചെലവഴിച്ചു. |
| (ഡി) | സബ്സിഡി ഇനത്തിൽ വകുപ്പിന് ടി വർഷം സർക്കാർ എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | സബ്സിഡി ഇനത്തിൽ 2016-17 സാമ്പത്തികവർഷം 53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**